പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2075 **26-10-2026-ൽ മറുപടിയ്ക്ക്**

മുൻഗണനാ റേഷൻ കാർഡുകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിഭാഗത്തിൽപ്പെട്ട റേഷൻ കാർഡുകളിൽ എത്ര കാർഡുകളാണ് അയോഗ്യത കണ്ടെത്തി പിഴ ഈടാക്കിയിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

മറുപടി: ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിഭാഗം (NPS) സബ്സിഡി വിഭാഗത്തിൽപ്പെട്ട റേഷൻ കാർഡുകളൊന്നും അയോഗ്യത കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പിഴ ഈടാക്കിയിട്ടില്ല.

എന്നാൽ, മുൻഗണനാ വിഭാഗത്തിൽ (AAY, PHH) ഉൾപ്പെട്ടിരുന്ന 8,974 റേഷൻ കാർഡുകളിൽ അയോഗ്യത കണ്ടെത്തിയതിനെത്തുടർന്ന് പിഴ ഈടാക്കി അവ പൊതുവിഭാഗത്തിലേക്ക് തരംമാറ്റിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം **അനുബന്ധം 1** ചേർക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര റേഷൻ കാർഡുകളാണ് മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റി ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ?

മറുപടി: ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 75,810 റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിലേക്കും 2,145 റേഷൻ കാർഡുകൾ അന്ത്യോദയ അന്നയോജന (AAY) വിഭാഗത്തിലേക്കും തരംമാറ്റി ഉൾപ്പെടുത്തിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം **അനുബന്ധം 2** ആയി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം 1

ക്രമ നം.	ജില്ല	പിഴ ഈടാക്കിയ കാർഡുകളുടെ എണ്ണം
1	തിരുവനന്തപുരം	773
2	കൊല്ലം	669
3	പത്തനംതിട്ട	403
4	ആലപ്പുഴ	281
5	കോട്ടയം	175
6	ഇടുക്കി	1265
7	എറണാകുളം	1358
8	തൃശ്ശൂർ	662
9	പാലക്കാട്	193
10	മലപ്പുറം	1858
11	കോഴിക്കോട്	408
12	വയനാട്	60
13	കണ്ണൂർ	716
14	കാസർഗോഡ്	153
	ആകെ	8974

അനുബന്ധം 2

ക്രമ നം	ജില്ല	എ.എ. വൈ	പി.എച്ച്.എച്ച്
1	തിരുവനന്തപുരം	329	9082
2	കൊല്ലം	125	7618
3	പത്തനംതിട്ട	46	2568
4	ആലപ്പുഴ	123	6741
5	കോട്ടയം	83	4609
6	ഇടുക്കി	92	2701
7	എറണാകുളം	82	9418
8	തൃശ്ശൂർ	348	6982
9	പാലക്കാട്	238	7140
10	മലപ്പുറം	209	6114
11	കോഴിക്കോട്	176	5002
12	വയനാട്	54	1534
13	കണ്ണൂർ	162	3773
14	കാസർഗോഡ്	78	2528
	ആകെ	**2145**	**75810**